# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1564
## 14.7.2016 ലെ മറുപടിക്ക്

**<u>സംസ്ഥാനത്തെ നീന്തൽ കുളം</u>**

| ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | | ഉത്തരം<br>**Dr.T.M. തോമസ് ഐസക്ക്**<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| | സംസ്ഥാനത്തെ സ്വകാര്യ വ്യക്തികളുടെയും ട്രസ്റ്റുകളുടെയും കൈവശമിരിക്കുന്ന കുളങ്ങളിൽ നീന്തൽ പഠിപ്പിക്കുന്നതിന് പ്രസ്തുത വ്യക്തികൾ അനുവാദം നൽകുകയാണെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി കുളങ്ങൾ പുനരുദ്ധരിക്കുന്നതിനും, നീന്തൽ കുളമാക്കി മാറ്റുന്നതിനും വേണ്ടി എം.എൽ.എ ഫണ്ടും ആസ്തി വികസന ഫണ്ടും ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുമോ; ഫണ്ട് വിനിയോഗിക്കുന്നതിന് വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുമോ? | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർദ്ദേശിക്കുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിന്റേയോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലോ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെയും ട്രസ്റ്റുകളുടെയും ഉടമസ്ഥയിലുള്ള നീന്തൽക്കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് ആസ്തി വികസന ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിക്കുന്നതിന് വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നത് പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**